# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 3 05.03.2012 ൽ മറുപടിക്ക്

## വിദേശ വായ്പകളും രൂപയുടെ മൂല്യത്തകർച്ചയും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |

| | | |
|---|---|---|
| എ. | രൂപയുടെ മൂല്യത്തിലുണ്ടാവുന്ന വ്യതിയാനം സംസ്ഥാന സമ്പദ് വ്യവസ്ഥയെ ഏതെല്ലാം വിധത്തിൽ ബാധിക്കുന്നുണ്ടെന്ന് പരിശോധിക്കാറുണ്ടോ; അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | ഉണ്ട്.<br>രൂപയുടെ മൂല്യത്തിൽ ഉണ്ടാകുന്ന വ്യത്യാസം സംസ്ഥാന സമ്പദ് വ്യവസ്ഥയെ ബാധിക്കുന്നുണ്ട്. രൂപയുടെ മൂല്യം മെച്ചപ്പെടുമ്പോൾ വിനിമയ നിരക്കിലുള്ള വ്യത്യാസം മൂലം വിദേശ വായ്പകൾ വഴി ലഭിക്കുന്ന തുകയിൽ കുറവുണ്ടാകുകയും അത് വിദേശ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് പര്യാപ്തമാകാതെ വരികയും ചെയ്യുന്നു. രൂപയുടെ മൂല്യം മെച്ചപ്പെട്ടിരിക്കുമ്പോൾ വിദേശ വായ്പ തിരിച്ചടവ് മൂലമുള്ള ബാദ്ധ്യതയിൽ കുറവുണ്ടാകാം.<br>രൂപയുടെ മൂല്യത്തിനു ശോഷണം സംഭവിക്കുമ്പോൾ വിദേശ വായ്പകൾ വഴി രൂപയുടെ ഒഴുക്ക് വർദ്ധിക്കുകയും അത് വഴി പദ്ധതി നിർവ്വഹണത്തിന് ഗുണമുണ്ടാകുകയും ചെയ്യുന്നു.<br>രൂപയ്ക്ക് മൂല്യശോഷണം ഉണ്ടാകുമ്പോൾ കേരളത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രവാസികളിൽ നിന്ന് വർദ്ധിച്ച നിക്ഷേപം കേരളത്തിലേക്ക് എത്താൻ കാരണമാകുന്നു.<br>രൂപയുടെ മൂല്യശോഷണം കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുകയും ഇറക്കുമതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. എന്നാൽ രൂപയുടെ മൂല്യവർദ്ധന ഇറക്കുമതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. |

| | | |
|---|---|---|
| ബി. | വിദേശ വായ്പകളുടെ ലഭ്യത, അവയുടെ ഉപയോഗക്ഷമത, തിരിച്ചടവ് എന്നീ കാര്യങ്ങളിൽ രൂപയുടെ മൂല്യത്തകർച്ച ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| സി. | വിദേശ വായ്പകളുടെ കാര്യത്തിൽ രൂപയുടെ മൂല്യത്തകർച്ച അധികബാദ്ധ്യത ഉണ്ടാക്കുമെന്നു കരുതുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വായ്പകളിലാണ് അധികബാദ്ധ്യത പ്രതീക്ഷിക്കുന്നത്; | സംസ്ഥാനത്തിന് രണ്ട് തരം വിദേശ വായ്പകളാണ് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാകുന്നത്. ഡോളർ അടിസ്ഥാനത്തിലുള്ള 'ബാക്ക് റ്റു ബാക്ക്' വായ്പകളും 70% വായ്പയായും 30% ഗ്രാന്റായും ലഭിക്കുന്ന രൂപയുടെ അടിസ്ഥാനത്തിലുള്ള സാധാരണ വായ്പകളുമാണ് ഇവ.<br>രൂപക്ക് മൂല്യശോഷണം സംഭവിക്കുമ്പോൾ 'ബാക്ക് റ്റു ബാക്ക്' വായ്പകളുടെ തിരിച്ചടവിൽ അധിക ബാധ്യത ഉണ്ടാകുന്നു. ഉദാഹരണമായി കേരള സുസ്ഥിര നഗര വികസന പദ്ധതി, നാഷണൽ ഹൈഡ്രോളജി പദ്ധതി എന്നീ വായ്പകളുടെ തിരിച്ചടവ്. |
| ഡി. | വായ്പാ കരാർ വ്യവസ്ഥ പ്രകാരം, മൂല്യത്തകർച്ച മൂലം തിരിച്ചടവിൽ ലാഭം പ്രതീക്ഷിക്കുന്ന വായ്പകളുടെ വിശദവിവരം നൽകാമോ? | മൂല്യത്തകർച്ച മൂലം വിദേശ വായ്പയുടെ തിരിച്ചടവിൽ ലാഭം ഉണ്ടാകുന്നില്ല. |

അക്കൗണ്ട്സ് ഓഫീസർ.